STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.240/PR/SPMC/PHQ/2022 Date:10.11.2022

# ഡ്രൈവർ പോലീസ് കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡ് വെള്ളിയാഴ്ച തൃശൂരിൽ ; സംസ്ഥാന പോലീസ് മേധാവി അഭിവാദ്യം സ്വീകരിക്കും

പരിശീലനം പൂർത്തിയാക്കിയ 68 ഡ്രൈവർ പോലീസ് കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡ് വെള്ളിയാഴ്ച രാവിലെ ഒമ്പത് മണിക്ക് തൃശൂരിൽ നടക്കും. ഐ ആർ ബറ്റാലിയൻ ഗ്രൗണ്ടിൽ നടക്കുന്ന പരേഡിൽ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് അഭിവാദ്യം സ്വീകരിക്കും.

സ്പെഷ്യൽ ആംഡ് പോലീസ്, മലബാർ സ്പെഷ്യൽ പോലീസ്, റാപ്പിഡ് റെസ്പോൺസ് ആൻറ് റെസ്ക്യു ഫോഴ്സ്, കേരളാ ആംഡ് പോലീസ് ഒന്ന്, മൂന്ന്, നാല്, അഞ്ച് എന്നീ ബറ്റാലിയനുകളിൽ പരിശീലനം നേടിയവരാണ് ആറു മാസത്തെ അടിസ്ഥാനപരിശീലനം പൂർത്തിയാക്കി സേനയുടെ ഭാഗമാകുന്നത്. അടിസ്ഥാന പോലീസ് പരിശീലനത്തിന പുറമെ പുതുതലമുറ വാഹനങ്ങളുടെ ഉപയോഗം, പരിപാലനം, വി.വി.ഐ.പി സുരക്ഷാ ഡ്യൂട്ടി, എസ്കോർട്ട് ഡ്യൂട്ടി എന്നിവയ്ക്ക് ആവശ്യമായ പ്രത്യേക പരിശീലനവും ഇവർക്ക് ലഭിച്ചു.

പുതിയ ബാച്ചിൽ മൂന്ന് ബിരുദാനന്തര ബിരുദധാരികളും ഒരു എംടെക്, ഒരു എം.ബി.എ, ഒമ്പത് ബിടെക്, 10 ബിരുദധാരികളുമുണ്ട്. ഡിപ്ലോമ യോഗ്യതയുള്ള 10 പേരും ഐ.റ്റി.ഐ യോഗ്യതയുള്ള 12 പേരുമുണ്ട്. 13 പേർ പ്ലസ്ടു വിജയിച്ചവരാണ്.

************************************